# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.11/1691/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/02/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.11/1691/2022 തീയ്യതി: 23/02/2023

## ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 17-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2021 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-12-2022 | 26-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുരേഷ് . എസ് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
റോയി. റ്റി. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സിജി. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഗീതാ കാർത്തികേയൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഗീതാകുമാരി പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജാനിഷ് റോസ് ജേക്കബ്ബ് | കൃഷി ഓഫീസർ | 01-04-2021 | 05-05-2021 |
| റോസ്മി റോസ് | കൃഷി ഓഫീസർ | 06-05-2021 | 15-11-2021 |
| ജാനിഷ് റോസ് ജേക്കബ്ബ് | കൃഷി ഓഫീസർ | 16-11-2021 | 31-03-2022 |
| ഡോ. ജയശ്രീ.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശാലിമോൾ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 24-11-2021 |
| അനില ശശിധരൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ഡോ.സജില എസ് പിള്ള | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ബാലരാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീലത എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ലീന ആർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ഗോപാലകൃഷ്ണൻ എസ് | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| രശ്മി മാനുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 26-11-2021 |
| ശിവപ്രസാദ് എസ് എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-11-2021 | 31-03-2022 |
| സന്ദീപ് വി റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,മായിത്തറ | 01-04-2021 | 02-11-2021 |
| ബാബുമോൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,മായിത്തറ | 03-11-2021 | 31-03-2022 |
| ഹാഷ്മി രാജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,കഞ്ഞിക്കുഴി | 01-04-2021 | 30-10-2021 |
| ഹാഷ്മി രാജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,കഞ്ഞിക്കുഴി | 31-10-2021 | 31-03-2022 |
| ഡോ. മെഴ്സി ജോസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്ക് | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | ഓഡിറ്റ് ഇംപാക്ട്- കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവർത്തികളുടെ ഫൈൻ ഇനത്തിൽ 10887/- രൂപ പഞ്ചായത്തിൽ ഒടുക്കി | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട് - കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് വിനിയോഗിച്ചില്ല – ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 5651/- രൂപ പഞ്ചായത്തിൽ ഒടുക്കി. | 1-11 |
| 13 | ഓഡിറ്റ് ഇംപാക്ട് - നികുതിയിനത്തിൽ ഒടുക്കിയത് 15070/- | 1-11-1 |
| 14 | ഓഡിറ്റ് ഇംപാക്ട്- അധികം നല്കിയ 1000/- രൂപ തിരികെ ഒടുക്കി | 1- 11-2 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ കുടിശ്ശിക | 1-12 |
| 16 | വസ്തു നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു. | 1-13 |
| 17 | ഡി. & ഒ. ലൈസൻസ് - അപാകതകൾ | 1-14 |
| 18 | പശുക്കൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും - വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-15 |
| 19 | വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച 1.08 കോടിയുടെ പദ്ധതികൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നു | 1-16 |
| 20 | പ്രീ-മൺസൂൺ ക്ലീനിംഗ് - രേഖകൾ ഹാജരാക്കിയില്ല. | 1- 17 |
| 21 | സാക്ഷരതാ പ്രേരകിന് നല്കിയ തുകകൾ റീക്കൂപ്പ് ചെയ്തിട്ടില്ല | 1-18 |
| 22 | പഞ്ചായത്ത് ഡെവലപ്പ്മെന്റ് സൊസൈറ്റിയ്ക്ക് അടിസ്ഥാന സൗകര്യ വികസനം - കെയ്കോ ഉൽപാദിപ്പിക്കാത്ത ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങി. | 1-19 |
| 23 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിങ്ങ് - അധികച്ചെലവ് | 1- 20 |

| | | |
|---|---|---|
| | 2925/-രൂപ | |
| 24 | ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് നിർമ്മാണം - തിരികെ ഈടാക്കേണ്ടത് -15139/-രൂപ | 1-21 |
| 25 | പാലിന് സബ്സിഡി (ജനറൽ) (പ്രോജക്ട് നം 03/22) - അപാകതകൾ | 1-22 |
| 26 | കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1- 23 |
| 27 | അനുപൂരക പോഷകാഹാര പദ്ധതി - ട്രാൻസ്പോർട്ടേഷൻ തുക ഭക്ഷണവിതരണ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നല്കി | 1-24 |
| 28 | തൊഴിലുറപ്പുപദ്ധതി - കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല -നഷ്ടം 109831/- | 1- 25 |
| 29 | കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ കാണിച്ചിരിക്കുന്ന അളവിനേക്കാൾ കൂടുതൽ സ്റ്റാക്ക് ചെയ്തതായി കാണിച്ചിരിക്കുന്നു | 1- 26 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു | 2-1 |
| | ഭാഗം **3** | |
| 1 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിങ്ങ് - അധികച്ചെലവ് 2925/- | 3-1 |
| 2 | ബേബി ഫ്രണ്ടലി ടോയ് ലെറ്റ് നിർമ്മാണം - തിരികെ ഈടാക്കേണ്ടത് - 15139/- | 3-2 |
| 3 | തൊഴിലുറപ്പുപദ്ധതി - കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല – നഷ്ടം 109831/- | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 15/02/2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 437133456 | 435587550 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 266,228,706.00 | 273,010,294.00 |

പുതുക്കിയ ബജറ്റിന്റെ വിവരം

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് 19/03/2022 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 295228865 | 290043870 |

## 1-2 വാർഷിക കണക്ക്

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 01.06.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം സി.എഫ്.സി ഗ്രാന്റിനത്തിലെ ആകെ നീക്കിയിരുപ്പ് 2079317/- രൂപയാണ്. ഇത് ഷെഡ്യൂൾ B-17 പ്രകാരമുള്ള നീക്കിയിരുപ്പുമായി (2146160) പൊരുത്തപ്പെടുന്നില്ല. കൂടാതെ സി.എഫ്.സി ഗ്രാന്റിനത്തിലെ എ.സി.ആർ പ്രകാരമുള്ള 198998/- രൂപയാണെങ്കിലും വാർഷിക കണക്കിൽ നീക്കിയിരുപ്പായി ചേർത്തിരിക്കുന്നത് 267367/- രൂപയാണ്.

2) വാർഷിക കണക്ക് പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലെ തൻവർഷ വരവ് 975880/- രൂപയും ചെലവ് 1377315/- രൂപയുമാണ്. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 1051260/- രൂപയും ചെലവ് 1452675/- രൂപയുമാണ്. പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് ലഭിച്ച വിഹിതമായ 75380/- വാർഷിക കണക്കിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയതാണ് വ്യത്യാസത്തിന് കാരണം.

3) Temp Advance For Official Purpose അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിൽ മുന്നിരിപ്പായി കാണിച്ചിട്ടുള്ളത് 47015/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പ് 13,33,931/- രൂപയാണ്. തൻവർഷം നൽകിയതും തിരികെ ലഭിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4) സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ്, രജിസ്റ്റർ എന്നിവ പ്രകാരം തൻവർഷം 213458/- രൂപയാണ് പലിശയിനത്തിൽ വരവുള്ളത്. എന്നാൽ വാർഷിക കണക്കിൽ (I-8) 297348/- രൂപ ലഭിച്ചതായി കാണിച്ചിട്ടുണ്ട്.

5) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 Advance To Others എന്ന ഹെഡിൽ ലഭിക്കുവാനുള്ളതായി കാണിച്ചിരിക്കുന്ന തുക (-)829241 രൂപയാണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 Advance To Implementing Officers എന്ന ഹെഡിൽ ബാധ്യതയായി കാണിച്ചിട്ടുള്ള 11,01,869/- രൂപയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടേതാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.

7) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18232535.85 |
| വരവ് | 92149052 |
| ആകെ | 110,381,587.85 |
| ചെലവ് | 88081837 |
| നീക്കിയിരിപ്പ് | 22299750.85 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിട ത്തിൽ കുറവ് ചെയ്തത് | തൻവർഷ ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 18193638 | 18193638 | 5978000 | 11636999 | 578639 (ലാപ്സായി) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4492800 | 4492800 | 190666 | 3912334 | 389800 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13969787 | 13969787 | 0 | 8352241 | 3538229 (ലാപ്സായി) 2079317 (ബാങ്ക്) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 9676000 | 9676000 | 0 | 7915408 | 1670592 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 7539212 | 7539212 | 0 | 5105728 | 2433484 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 174 | 121166097 | 150 | 56407004 | 10 | 16 | 86.2 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1,072,465.00 | 1,072,465.00 | 1071791 | 674 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 111474162 | 111474162 | 111474162 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 650,400.00 | 429 |
| കർഷകതൊഴിലാളി പെൻഷൻ | 4,958,800.00 | 327 |
| വിധവാപെൻഷൻ | 14,847,200.00 | 1062 |
| വാർദ്ധക്യകാലപെൻഷൻ | 33,119,800.00 | 3077 |
| വികലാംഗപെൻഷൻ | 7,039,900.00 | 462 |
| അവിവാഹിതപെൻഷൻ | 1,275,800.00 | 87 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 270,000.00 | 9 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2022 തീയതിയിൽ 3.55 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41025/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെ പറയുന്ന അപാകതകൾ കൂടി പരിഹരിക്കേണ്ടതാണ്.

1. തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
4. KSEB യിൽ നിക്ഷേപിച്ച 1.08 കോടി രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട്- കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്ന മരാമത്ത് പ്രവർത്തികളുടെ ഫൈൻ ഇനത്തിൽ 10887/- രൂപ പഞ്ചായത്തിൽ ഒടുക്കി

ഗ്രാമപഞ്ചായത്ത് തൻവർഷം പൂർത്തിയാക്കിയ താഴെപറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് കരാർ അനുസരിച്ച് 6 മാസമാണ് പൂർത്തീകരണ കാലാവധിയായി നിശ്ചയിച്ചിരുന്നത്. കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112

പ്രകാരം പൂർത്തീകരണ കാലയളവ് പരമാവധി ഒറിജിനൽ സമയത്തിന്റെ 50% വരെ പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. കാല താമസം വരുത്തിയ ആദ്യത്തെ മൂന്ന് മാസക്കാലത്തേക്ക് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും 2% നിരക്കിലും ഫൈൻ ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാതിരുന്ന ടി പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ രേഖാമൂലം അപേക്ഷ നൽകുകയോ പഞ്ചായത്ത് ഭരണ സമിതി ആയത് നീട്ടി നൽകുകയോ ചെയ്തതായി രേഖയില്ല. പ്രവൃത്തികളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നം. | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തീയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയതി | അളവ് പുസ്തക പ്രകാരം പൂർത്തിയാക്കിയ തിയതി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|
| 01 | ഉത്തരപ്പള്ളി - കോമച്ചംവെളി റോഡ് ടാറിംഗ് (പ്രോ.നം 10/22) | കെ.ഭുവനേന്ദ്രൻ 445277 | 19/7/21 6 മാസം | 18/01/2022 | 23/02/2022 | 445277 X 1% X 35/90 = 1731 |
| 02 | സുഭാഷ് മാരാച്ചിറ റോഡ് മെയിന്റനൻസ് വാർഡ് 2 (പ്രോ.നം 38/22) | കെ. ഭുവനേന്ദ്രൻ 445579 | 19/07/21 6 മാസം | 18/01/2022 | 23/02/2022 | 445579 X 1% X 35/90 = 1733 |
| 03 | പാലവേലി - പാട്ടുകളം (ഭാവന) റോഡ് മെയിന്റനൻസ് വാർഡ് 3 (പ്രോ.നം 40/22) | ശ്രീകുമാർ വി.എസ് 445153 | 24/08/21 6 മാസം | 23/02/2022 | 25/03/2022 | 445153 X 1% X 30/90 = 1484 |
| 04 | വല്ലാട്ട് - മണിയൻതറ റോഡ് മെയിന്റനൻസ് വാർഡ് 5 (പ്രോ.നം 44/22) | ശ്രീകുമാർ വി.എസ് 445276 | 24/08/21 6 മാസം | 23/02/2022 | 25/03/2022 | 445276 X 1% X 30/90 = 1484 |
| 05 | ഭജനമഠം - എസ്.എൻ.ഡി.പി റോഡ് ടാറിംഗ് വാർഡ് 1 (പ്രോ.നം 37/22) | ശ്രീകുമാർ വി.എസ് 445237 | 24/08/21 6 മാസം | 23/02/2022 | 25/03/2022 | 445237 X 1% X 30/90 = 1484 |
| 06 | നല്ലേടത്ത് - പോളക്കാട് റോഡ് ടാറിംഗ് വാർഡ് 18 (പ്രോ.നം 15/22) | കെ.വൈജു 445682 | 19/07/21 6 മാസം | 18/01/2022 | 19/03/2022 | 445682 X 1% X 60/90 = 2971 |
| | ആകെ തുക | | | | | 10887/- |

നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 10887/- രൂപ ഫ്രണ്ട് ഓഫീസിൽ ഒടുക്കി രസീത് ഹാജരാക്കി (1220102643/ 26.12.22).

## 1-11 ഓഡിറ്റ് ഇംപാക്ട് - കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് വിനിയോഗിച്ചില്ല - ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 5651/- രൂപ പഞ്ചായത്തിൽ ഒടുക്കി.

പകൽ വീടിന് ചുറ്റുമതിൽ നിർമ്മാണം വാർഡ് 17 (പ്രോ.നം 167/22) എന്ന പ്രവർത്തിയുടെ ഭാഗമായി ബേസ്മെന്റ് നിർമ്മിക്കുന്നതിനായി കുഴിയെടുത്തപ്പോൾ ലഭിച്ച 9.13 ഘന മീറ്റർ മണ്ണിൽ 50% ഫില്ലിംഗിന് അനുയോജ്യമാണെന്ന് അളവ് പുസ്തകത്തിൽ (പേജ് നം. 1) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിലെ അനുബന്ധം രണ്ടിലെ ഒന്നാം

ഇനമായ 5.7 ഘന മീറ്റർ എർത്ത് ഫില്ലിംഗ് നടത്തിയതിന് ഘന മീറ്ററിന് 1106.4 രൂപ നിരക്കിൽ 6306.82/- രൂപ നൽകിയിട്ടുണ്ട് (പേജ് നം. 27). ബേസ്മെന്റ് നിർമ്മിക്കുന്നതിനായി കുഴിയെടുത്തപ്പോൾ ലഭിച്ച 9.13 ഘന മീറ്ററിന്റെ 50% ആയ 4.56 $M^3$ മണ്ണിന്റെ വില ബില്ലിൽ ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയത്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 5651/- രൂപ ഫ്രണ്ട് ഓഫീസിൽ ഒടുക്കി രസീത് ഹാജരാക്കി (രസീത് നം. 120102642/ 26.12.22). വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നുള്ള തുക വിനിയോഗിച്ചാണ് മേൽ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ആയതിനാൽ തിരികെ ഒടുക്കിയ 5651/- രൂപ സർക്കാരിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ചെലവ് വിവരം

| ബിൽ നം./തീയതി | തുക |
|---|---|
| 241/26.2.22 | 114267/- |
| 276/16.3.22 | 77821/- |

## 1-11-1 ഓഡിറ്റ് ഇംപാക്ട് - നികുതിയിനത്തിൽ ഒടുക്കിയത് 15070/-

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ശ്രീ.രാജേന്ദ്രൻ ആദായ നികുതിയിനത്തിൽ 15070/- രൂപ 26-12-2022 ൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) |
|---|---|---|---|---|
| 1 | കണിയാംകുളം കണ്ടേക്കാട്ട് റോഡ് കോൺക്രീറ്റിംഗ് | രാജേന്ദ്രൻ | 409490 | 4095 |
| 2 | ഊരാളി ഗുരു മന്ദിരം റോഡ് കോൺക്രീറ്റിംഗ് | ടി | 162510 | 1625 |
| 3 | കരിക്കാട്ടിൽ കണ്ടേക്കാട് റോഡ് കോൺക്രീറ്റിംഗ് | ടി | 316640 | 3166 |
| 4 | കൈരളി ജ്യോതിഷാലയം റോഡ് കോൺക്രീറ്റിംഗ് | ടി | 223229 | 2232 |
| 5 | നായ്ക്കാപറമ്പ് ഞാറവേലി റോഡ് കോൺക്രീറ്റിംഗ് | ടി | 395206 | 3952 |
| | ആകെ | | | 15070 |

## 1- 11-2 ഓഡിറ്റ് ഇംപാക്ട്- അധികം നല്കിയ 1000/- രൂപ തിരികെ ഒടുക്കി

തൊഴിലുറപ്പ പദ്ധതിയിൽ ചെയ്ത ശങ്കരമംഗലം പള്ളിമുക്ക് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ അളവുപുസ്തകം (220/19-20) പ്രകാരം ഗുഡ് എർത്ത് സ്റ്റാക്ക് ചെയ്ത അളവ് 88.81 $M^3$ ആണ്. എന്നാൽ സപ്ലൈ ചെയ്ത ശ്രീ.പി.ജി.ഗോപിനാഥിന് 89.81 $M^3$ ഗുഡ് എർത്തിന്റെ വിലയാണ് നൽകിയിരിക്കുന്നത്. (ഫണ്ട് ട്രാൻസ്ഫർ ചെയ്ത തീയതി 05-07-21) അധികം നൽകിയ $1m^3$ ഗുഡ് എർത്തിന്റെ വിലയായ 1000/- രൂപ ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ടിയാനിൽ നിന്നും 26-12-2022 ൽ ഈടാക്കിയിട്ടുണ്ട്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ കുടിശ്ശിക

സഞ്ചയ പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | കുടിശ്ശിക കാലയളവ് | കുടിശ്ശിക അർദ്ധ വർഷം | വാർഷിക തുക (ലൈ. സെസ് ഉൾപ്പെടെ) | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 11/407 | ബി.എസ്.എൻ.എൽ മൊബൈൽ സർവ്വീസ് | 2019-20 മുതൽ 2021-22 വരെ | I & II | 17010X3 | 51030 |
| 2 | 5/481 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 2021-22 | I & II | 4725X1 | 4725 |
| | ആകെ കുടിശ്ശിക | | | | | 55755/- |

മേൽ പട്ടികയിലെ കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/26.12.22), ടി സ്ഥാപനങ്ങൾക്കെതിരെ വസ്തു നികുതി ഈടാക്കുന്നതിനായി കേസ് നിലവിലുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. കേസിന്റെ തീർപ്പിന് വിധേയമായി കുടിശ്ശിക സംബന്ധിച്ച് തീരുമാനം കൈക്കൊണ്ട് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു.

1. കേര ഫൈബർ ടെക് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന 2/461, 462, 462A, 463, 464, 465, 466, 467 എന്നീ കെട്ടിടങ്ങളിൽ 462A ഒഴികെയുള്ളവ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളായാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ 462A എന്ന നമ്പരിലുള്ള കെട്ടിടം പാർപ്പിടാവശ്യത്തിനുള്ള വിഭാഗത്തിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇപ്രകാരം നികുതി നിർണ്ണയിച്ചതിനാൽ താഴെപ്പറയുന്ന പ്രകാരം നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.

| വിസ്തൃതി | നിർണ്ണയിച്ച നിരക്ക് | നിർണ്ണയിക്കേണ്ട നിരക്ക് | ആകെ കണക്കാക്കേണ്ട നികുതി(- കാലപ്പഴക്കം + വഴി സൗകര്യം) | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| $90M^2$ | 7/- | 50/- | 50x90 = 4500 - (10%) 450 + (20%) 900 = 4950 + (5% ലൈ. സെസ്) 247.5 = 5198/- | 227/- | 4971/- |

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/26.12.22 ) സ്ഥലപരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

2. പഞ്ചായത്തിൽ നിന്നും 14/344A എന്ന കെട്ടിടത്തിന് പെട്രോൾ പമ്പിനായി ഡി. & ഒ. ലൈസൻസ് നല്കിയിട്ടുണ്ട്. എന്നാൽ ആകെ 49 ചതുരശ്ര മീറ്ററിനു മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. പെട്രോൾ പമ്പിന്റെ കനോപ്പി ഏരിയയ്ക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. കനോപ്പി ഏരിയയുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-14 ഡി. & ഒ. ലൈസൻസ് - അപാകതകൾ

1. ശ്രീ. എം.ബി. സാജൻ, താഴെപ്പറയുന്ന തന്റെ രണ്ടു സ്ഥാപനങ്ങളുടെ ഡി. & ഒ. ലൈസൻസിനായും ഹാജരാക്കിയിട്ടുള്ളത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഒരേ സർട്ടിഫിക്കറ്റാണ് (നം. PCB/ALP/UCO -1149//08 /01.10.20).

A) മായിത്തറ ഹോം ഡെക്കർ -കെട്ടിട നം. 18/49 – 7772 Sq.ft.

B) മായിത്തറ ഹോം ഡെക്കർ, കെട്ടിട നം. 18/50, 52, 54 – 50181 Sq.ft. (സർവ്വേ നം.2/151)
ഇതിൽ സർവ്വേ നം.5/157 ലുള്ള ആദ്യത്തെ സ്ഥാപനത്തിന് പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

7772 സ്ക്വയർ ഫീറ്റുള്ള സ്ഥാപനത്തിന്റെ അപേക്ഷയിൽ ആകെ 5 ജീവനക്കാർ മാത്രമുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ എണ്ണം, മൂലധന നിക്ഷേപം, ഉപയോഗിക്കുന്ന മെഷിനറി എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

2. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസ് എടുക്കുന്നതായി കാണുന്നില്ല.

എ) റേഷൻ കടകൾ (ഒരെണ്ണം മാത്രം എടുത്തിട്ടുണ്ട്)

ബി) അക്ഷയകേന്ദ്രങ്ങൾ

സി) മെഡിക്കൽ സ്റ്റോർ (4 എണ്ണം മാത്രം എടുത്തിട്ടുണ്ട്)

ഡി) ക്ഷീര സംഘങ്ങൾ (ഒരെണ്ണം മാത്രം എടുത്തിട്ടുണ്ട്)

ഇ) കേര ഫൈബർ ടഫ്റ്റ്

എഫ്) ജിംനേഷ്യം, 50 ചതുരശ്ര മീറ്ററിൽ അധികരിക്കുന്ന കളിസ്ഥലങ്ങൾ (പി.പി.ആർ. ആക്ട്)
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/21.12.22) മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പശുക്കൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും - വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പശുക്കൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്നും (പ്രോ.നം 77/22) എന്ന പദ്ധതിയ്ക്കായി കേരള ഫീഡ്സിൽ നിന്നും 800kg ധാതുലവണ മിശ്രിതം (കേരമിൻ) വാങ്ങുന്നതിനായി കിലോഗ്രാമിന് 100/- നിരക്കിൽ 80000/- രൂപ ചെലവഴിച്ചുണ്ട്. ധാതുലവണ മിശ്രിതത്തിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയലിനോടൊപ്പം ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ, 155 ക്ഷീരകർഷകരാണ് ആനുകൂല്യത്തിനായി അപേക്ഷ നൽകിയിട്ടുള്ളത്. ഇവർക്ക് എപ്രകാരമാണ് കേരമിൻ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി (14/23.12.22) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ഓരോ ക്ഷീരകർഷകനും കൈപ്പറ്റിയ ധാതുലവണ മിശ്രിതത്തിന്റെ (കേരമിൻ) കൃത്യമായ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിതരണ രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 80000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

ബിൽ നം. 02/17.2.2022 – 80,000/-

## 1-16 വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച 1.08 കോടിയുടെ പദ്ധതികൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നു

വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതിയ്ക്കായി ശ്യാമപ്രസാദ് മുഖർജി റർബൻ ഗ്രാന്റിൽ നിന്നും 939800/- രൂപ പിൻവലിച്ച് വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന പ്രവർത്തികൾക്കായി റർബൻ സെല്ലിൽ നിന്നും നേരിട്ടാണ് വൈദ്യുതി ബോർഡിന് തുക കൈമാറുന്നത്. തൻവർഷം താഴെപറയുന്ന വാർഡുകളിലെ പ്രവൃത്തികൾക്കായാണ് തുക നിക്ഷേപിച്ചിരിക്കുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വാർഡ് | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | കലാവെളി - പാലക്കാട് റോഡ് | 6 | 88350 |
| 2 | കലാവെളി - കുറ്റവേലി റോഡ് | 7 | 88360 |

| | | | |
|---|---|---|---|
| 3 | കാക്കനാട് - ബി ബോണ്ട് റോഡ് | 8 | 88600 |
| 4 | പട്ടാറാ - ചേന്നംവെളി റോഡ് | 13 | 88620 |
| 5 | നെടുങ്ങാട് - കട്ടായിൽ റോഡ് | 14 | 88410 |
| 6 | ചാലേവെളി - പുതുമന റോഡ് | 15 | 88360 |
| 7 | പാവട്ടശ്ശേരി - നാലുകണ്ടം റോഡ് | 16 | 88670 |
| 8 | ഡി.സി.എം - കുന്നംപുറം റോഡ് | 17 | 88650 |
| 9 | എൻ.എച്ച് - കുടിലുങ്കൽ റോഡ് | 18 | 88420 |
| | T0tal | | 796440 |
| | GST @ 18% | | 143359.50 |
| | Grand Total | | 939800 |

മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി (നം. 24/26.12.2022) നൽകിയതിന് പദ്ധതിയുടെ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രത്തിനായി വൈദ്യുതി ബോർഡിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. ടി പ്രോജക്ടിനായി ഗ്രാമപഞ്ചായത്തും വൈദ്യുതി ബോർഡും തമ്മിൽ 50/2022/22.4.2022 നമ്പരായി എഗ്രിമെന്റ് ചമച്ചിട്ടുണ്ടെങ്കിലും മേൽ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് കരാറിൽ വ്യക്തമാക്കിയിട്ടില്ല. മെറ്റീരിയലിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം തദ്ദേശ സ്ഥാപനത്തിന് കൈമാറുന്നതാണെന്നാണ് കരാർ നിബന്ധന നം. 17ൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഏറ്റെടുക്കുന്ന പദ്ധതികളുടെ പൂർത്തീകരണ കാലയളവാണ് കരാറിന്റെ അന്തസത്ത. പൂർത്തീകരണ കാലയളവ് രേഖപ്പെടുത്താതെയുള്ള കരാറിന് പ്രസക്തിയില്ല. തൻവർഷത്തേത് ഉൾപ്പെടെ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 1,08,06,223/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് നിർദ്ദേശം നൽകേണ്ടതും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1- 17 പ്രീ-മൺസൂൺ ക്ലീനിംഗ് - രേഖകൾ ഹാജരാക്കിയില്ല.

പ്രീ- മൺസൂൺ ക്ലീനിംഗിനായി വാർഡ് ഒന്നിന് 10000/- രൂപ വീതം 18 വാർഡുകൾക്കായി 180000/- രൂപ മെഡിക്കൽ ഓഫീസർക്ക് വൗച്ചർ നം. 22100905/27.1.21 (ചെക്ക് നം. 115920) പ്രകാരം അനുവദിച്ചിരുന്നു. ഇതിൽ 4, 9, 10, 12, 14 വാർഡുകളുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.
ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 5 വാർഡുകൾക്ക് നല്കിയ 50000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 സാക്ഷരതാ പ്രേരകിന് നല്കിയ തുകകൾ റീക്കപ്പ് ചെയ്തിട്ടില്ല

വൗച്ചർ നം. 22100028 പ്രകാരം 15840/- രൂപയും വൗച്ചർ നം. 22100340 പ്രകാരം 17280/- രൂപയും തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഈ തുക റീക്കപ്പ് ചെയ്ത് ലഭിച്ചിട്ടില്ല. തുക ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് ഡെവലപ്പ്മെന്റ് സൊസൈറ്റിയ്ക്ക് അടിസ്ഥാന സൗകര്യ വികസനം - കെയ്ക്കോ ഉൽപാദിപ്പിക്കാത്ത ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങി.

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കർഷകരിൽ നിന്നും പച്ചക്കറികൾ ശേഖരിച്ച് പ്രാദേശികമായി വിപണനം നടത്തുന്നതിനായി രൂപീകരിച്ചതും കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നതുമായ പഞ്ചായത്ത് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കൃഷി ഓഫീസർ തൻവർഷം കൃഷി ഓഫീസർ നടപ്പാക്കിയ പഞ്ചായത്ത് ഡെവലപ്പ്മെന്റ് സൊസൈറ്റിയ്ക്ക് അടിസ്ഥാന സൗകര്യ വികസനം (പ്രോ.നം - 133/22) എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 150,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെയ്ക്കോയിൽ നിന്നും താഴെപറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ടി തുക വിനിയോഗിച്ചിട്ടുള്ളത്.

| ക്രമ നം. | ഉപകരണത്തിന്റെ വിശദാംശം | എണ്ണം | വില |
|---|---|---|---|
| 01 | റെഫ്രിജറേറ്റർ (Haier Brand) | 1 | 18644 + 18% GST |
| 02 | ജ്യൂസർ മെഷീൻ | 1 | 4762 + 5% GST |
| 03 | ഫ്രീസർ (Haier Brand) | 1 | 22034 + 18% GST |
| 04 | ഡിജിറ്റൽ വെയിംഗ് ബാലൻസ് | 1 | 21186 + 18% GST |
| 05 | ഡിജിറ്റൽ നെയിം ബോർഡ് | 10 | 30889 + 5% GST |
| | വെയിംഗ് ബാലൻസ് 100kg | 1 | 7203 + 18% GST |
| 06 | വെയിംഗ് ബാലൻസ് | 2 | 8814 + 18% GST |
| 07 | ട്രേ | 20 | 7797 + 18% GST |
| 08 | ബാസ്കറ്റ് | 10 | 2966 + 18% GST |
| 09 | ഫാൻ | 2 | 3619 + 5% GST |
| 10 | റാക്ക് | 1 | 3531 + 18% GST |

ഫയൽ പരിശോധിച്ചതിൽ, ടെണ്ടർ കൂടാതെയാണ് കെയ്ക്കോയിൽ നിന്നും മേൽ പറയുന്ന ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുള്ളത്. കെയ്ക്കോ ഉല്പാദിപ്പിക്കാത്ത ടി ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/23.12.22) സർക്കാർ അംഗീകൃത സ്ഥാപനമായതിനാലാണ് കെയ്ക്കോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങിയതെന്നാണ് കൃഷി ഓഫീസർ വ്യക്തമാക്കിയത്. റെഫ്രിജറേറ്റർ, ഫ്രീസർ, ജ്യൂസർ മുതലായവ കെയ്ക്കോ നിർമ്മിക്കുന്നവയല്ല. കെയ്ക്കോ ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങൾ മാത്രമാണ് നേരിട്ട് വാങ്ങുവാൻ അനുമതിയുള്ളത്. ആയതിനാൽ സർക്കാർ നിർദ്ദേശം കർശനമായി പാലിച്ച് വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1- 20 പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിങ് - അധികച്ചെലവ് 2925/-രൂപ

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ട് നമ്പർ -43/22

ചെലവ് - ബിൽ നമ്പർ 57/01-09-21 രൂപ 24316

ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളെ ആദരിക്കുന്നതിന് 25 മെമന്റോ തയ്യാറാക്കിയതിന് 650 +18% Gst നിരക്കിൽ പ്രിന്റ് എക്സ്ട്രീം, ആലപ്പുഴ എന്ന സ്ഥാപനത്തിന് 19175 (16250 +2925) രൂപ നൽകിയിട്ടുണ്ട്. അംഗീകരിച്ച ടി സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം 30 (H) X 20cm (Width) സൈസുള്ള Customised Acrylic Memento തയ്യാറാക്കുന്നതിനുള്ള നിരക്ക് നികുതികൾ ഉൾപ്പെടെ 650/- രൂപയാണ്. എന്നാൽ ഈ നിരക്കിനോടൊപ്പം വീണ്ടും നികുതിയിനത്തിൽ തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8) തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. അധികം നൽകിയ 2925/- രൂപ ടി സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് നിർമ്മാണം - തിരികെ ഈടാക്കേണ്ടത് -15139/-രൂപ

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ട് നമ്പർ - 176/22, 177/22, 178/22, 179/22

ചെലവ് വിവരം - ബിൽ നമ്പർ 284/19-03-22 രൂപ 2 ലക്ഷം

ബിൽ നമ്പർ 285/19-03-22 രൂപ 2 ലക്ഷം

ബിൽ നമ്പർ 286/19-03-22 രൂപ 2 ലക്ഷം

ബിൽ നമ്പർ 287/19-03-22 രൂപ 2 ലക്ഷം

4 അങ്കണവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതം സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവ്യത്തി മൂല്യം | 165343.30 |
| മാനേജ്മെന്റ് ചാർജ്ജ് 8% | 13227.46 |
| GST 12% | 21428.49 |
| | 199999.26 |
| ആകെ (Rounded) | 200000 |

ഇതനുസരിച്ച് 10-02-22 തീയതിയിൽ സ്ഥാപനം ഗ്രാമപഞ്ചായത്തുമായി കരാർ വെച്ചിട്ടുണ്ട്. കരാർ പ്രകാരം പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി സ്ഥാപനത്തിന്റെ എഞ്ചിനീയർ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അളവു പുസ്തകം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1.കരാർ പ്രകാരം ബിൽ തുകയിൽ നിന്നും നിയമാനുസൃത നികുതി ഗ്രാമപഞ്ചായത്ത് കുറവ് ചെയ്യുമെന്ന് പറയുന്നുണ്ടെങ്കിലും ടി തുക ബില്ലിൽ കുറവ് ചെയ്തിട്ടില്ല.

2. ബിൽ തുക അടങ്കൽ തുകയേക്കാൾ കുറവാണെങ്കിൽ അധികം വരുന്ന തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകളാൽ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, ആലപ്പുഴയിൽ നിന്നും താഴെപ്പറയും പ്രകാരം തുക തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവ്യത്തി | ബിൽ പ്രകാരമുള്ള മൂല്യം | അധികം | ഈടാക്കേണ്ട KCWWF | ഈടാക്കേണ്ട ആദായനികുതി | ആകെ |
|---|---|---|---|---|---|---|
| 1 | അങ്കണവാടി നമ്പർ 31 | മൂല്യം - 155954<br>മാനേജ്മെന്റ് ചാർജ്ജ് 8% - 12476<br>GST 18% -30318<br>ആകെ -198748 | 200000-198748 = 1252 | 1560 | 1560 | 4372 |
| 2 | അങ്കണവാടി നമ്പർ 33 | മൂല്യം - 166128<br>മാനേജ്മെന്റ് ചാർജ്ജ് 8% | ——— | 1661 | 1661 | 3322 |

| | | | | | | |
|---|---|---|---|---|---|---|
| | | - 13290<br>GST 18% -29903<br>ആകെ -209322<br>Ltd To 200000 | | | | |
| 3 | അങ്കണവാടി നമ്പർ 38 | മൂല്യം - 156022<br>മാനേജ്മെന്റ് ചാർജ്ജ് 8% - 12482<br>GST 18% -30331<br>ആകെ -198835 | 200000-198835 = 1165 | 1560 | 1560 | 4285 |
| 4 | അങ്കണവാടി നമ്പർ 45 | മൂല്യം - 157982<br>മാനേജ്മെന്റ് ചാർജ്ജ് 8% - 12639<br>GST 18% -30712<br>ആകെ -201333 | -------- | 1580 | 1580 | 3160 |
| | | ആകെ | | | | 15139 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9) തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. അധികം നൽകിയ 15139/- രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ആലപ്പുഴയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-22 പാലിന് സബ്സിഡി (ജനറൽ) (പ്രോജക്ട് നം 03/22) - അപാകതകൾ

ഡയറി ഫാം ഇൻസ്ട്രക്ടർ 2021-22 വർഷം നടപ്പാക്കിയ പാലിന് സബ്സിഡി (പ്രോജക്ട് നം. 03/22) എന്ന പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ താഴെകൊടുക്കുന്നു.

1- ക്ഷീരകർഷകർക്ക് അർഹമായ സബ്സിഡി നൽകിയില്ല.

കഞ്ഞിക്കുഴി, കഞ്ഞിക്കുഴി നോർത്ത്, കളത്തിവീട് എന്നീ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് മേൽ പ്രോജക്ട് പ്രകാരം ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ പാൽ അളവിന് ആനുപാതികമായ സബ്സിഡി മാത്രമാണ് നൽകിയിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ കർഷകർക്ക് അർഹതപ്പെട്ട സബ്സിഡി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽതിയ ഓഡിറ്റ് എൻക്വയറിയ്ക്ക് താഴെപറയും പ്രകാരം മറുപടി ലഭ്യമാക്കിയത്. കഞ്ഞിക്കുഴി ബ്ലോക്കിൽ ഏറ്റവും കൂടുതൽ ക്ഷീര കർഷകരുള്ള കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ക്ഷീരമേഖലയ്ക്ക് വേണ്ടി വളരെ കുറഞ്ഞ തുകയാണ് വകയിരുത്താറുള്ളതെന്നും വർക്കിംഗ് ഗ്രൂപ്പുകളിലും മറ്റ് മീറ്റിംഗുകളിലും കൂടുതൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ആവശ്യമായ വിഹിതം അനുവദിക്കാത്തതുകൊണ്ടാണ് ക്ഷീരകർഷകർക്ക് അർഹതപ്പെട്ട തുക നൽകുവാൻ കഴിയാതിരുന്നത്.

തൻവർഷം നടപ്പാക്കിയ പാലിന് സബ്സിഡി (പ്രോജക്ട് നം. 03/22) എന്ന പ്രോജക്ടിനായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 9,00,000/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായ 2,00,000/- രൂപയും ഉൾപ്പെടെ 11,00,000/- രൂപയാണ് വകയിരുത്തിയത്. ഇതിൽ 10,99,780/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 350 ക്ഷീരകർഷകരുള്ള ഗ്രാമപഞ്ചായത്തിൽ ടി തുക തികച്ചും അപര്യാപ്തമാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് പരിശോധിച്ചതിൽ, വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 578639/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

പ്രോജക്ട് ആസൂത്രണ ഘട്ടത്തിൽ ഇത്തരം പ്രോജക്ടുകൾക്കായി കൂടുതൽ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക ലഭിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

2- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു.

പഞ്ചായത്ത് പരിധിയിലുള്ള 3 ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ കണക്കാക്കി നൽകാവുന്നതാണ് (ക്ഷീര വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ). അതായത് വികസന ഫണ്ടിൽ നിന്നും 3 രൂപ മാത്രമാണ് സബ്സിഡി നൽകാവുന്നത്. ക്ഷീര സഹകരണ സംഘങ്ങൾ മുഖാന്തിരം കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപയിൽ കൂടുതൽ നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ക്ഷീരസംഘത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പാലളവ് (ലിറ്ററിൽ) | നൽകാവുന്ന തുക @3/litre. | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 01 | കഞ്ഞിക്കുഴി നോർത്ത് | 111 | 97974 | 293922 | 336346 @3.433/litre. | 42424 |
| 02 | കളത്തിവീട് | 125 | 123920 | 371760 | 452310 @3.65/litre. | 80550 |
| 03 | കഞ്ഞിക്കുഴി | 102 | 79645 | 238935 | 273182 @3.43/litre. | 34247 |
| | ആകെ തുക | | | | | 157221 |

ഡിപ്പാർട്ട്മെന്റ് ഫണ്ട് വിനിയോഗിക്കാതെ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്ന് മാത്രം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/23.12.22) മറുപടിയിൽ പറയുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലിറ്ററിന് 3 രൂപ മാത്രമേ ചെലവഴിക്കുവാൻ പാടുള്ളൂവെന്ന സ്പഷ്ടീകരണം പദ്ധതി നിർവ്വഹണത്തിന് ശേഷം 13/01/2022-ൽ മാത്രമാണ് ക്ഷീരവികസന വകുപ്പിൽ നിന്നും ലഭിച്ചതെന്നാണ്. ടി മറുപടി വസ്തുതാപരമല്ല. 2021-22 വർഷത്തേയ്ക്കുള്ള സബ്സിഡി മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലിറ്ററിന് 3 രൂപ മാത്രമേ ചെലവഴിക്കുവാൻ പാടുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 157221/-രൂപ അധികം ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. അധികം ചെലവഴിച്ച 157221/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

ബിൽ നം. – 101/15.11.2021 – 336346/-

ബിൽ നം. – 134/21.12.2021 – 200000/-

ബിൽ നം. – 162/10.1.2022 – 73182/-

ബിൽ നം. – 170/17.1.2022 – 452310/-

ബിൽ നം. – 188/24.1.2022 – 37942/-

## 1- 23 കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് - കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം (നം. 81/22).

ചെലവ് തുക – 3,12,500/- (ബിൽ നം. 01/09.2.22)

നിർവ്വഹണം - വെറ്ററിനറി സർജൻ.

കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം പദ്ധതിയുടെ ഭാഗമായി 50 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമായ 3,12,500/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം. 70601140000019) കൈമാറിയിട്ടുണ്ട്. 50 ഗുണഭോക്താക്കൾക്കായുള്ള ടി പദ്ധതിയുടെ ആകെ ചെലവ് 12,50,000/- രൂപയാണ്. ഇതിൽ 3,12,500/- രൂപ ഗുണഭോക്തൃ വിഹിതവും 6,25,000/- രൂപ സംസ്ഥാന വിഹിതവുമാണ്.

കാലിത്തീറ്റ വിതരണത്തിനായി ചുമതലപ്പെടുത്തിയ ക്ഷീരസംഘത്തിന്റെ വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. പഞ്ചായത്ത് കൈമാറിയ 50 ഗുണഭോക്താക്കളിൽ എത്രപേർ കാലിത്തീറ്റ വാങ്ങുന്നുണ്ടെന്ന് പരിശോധിക്കാനായില്ല. ഒരു ഗുണഭോക്താവിന് തദ്ദേശ

സ്വയംഭരണ സ്ഥാപന വിഹിതമായി 6250/- രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 12,500/- രൂപയുമാണ് സബ്സിഡിയായി നൽകുന്നത്. ആയതിനാൽ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് കാലിത്തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതം കാഫ് ഫീഡിൽ നിന്നും തിരികെ ഈടാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 3,12,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 അനുപൂരക പോഷകാഹാര പദ്ധതി - ട്രാൻസ്പോർട്ടേഷൻ തുക ഭക്ഷണവിതരണ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നല്കി

പ്രോജക്ട് നം. 8/21-22

അടങ്കൽ - 4100000/- (വികസന ഫണ്ട് -200000/- കേന്ദ്രാ. ഫണ്ട്- 200000/- ജില്ലാ പഞ്ചായത്ത് 100000/-)

ചെലവ് - 3381190/- (വികസന ഫണ്ട് -200000/- കേന്ദ്രാ. ഫണ്ട്- 1281190/- ജില്ലാ പഞ്ചായത്ത് 100000/-)

09.7.21 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 2(1) പ്രകാരം ഭക്ഷണസാധനങ്ങൾ കയറ്റി ഇറക്കുന്നതിനുവേണ്ടിയുള്ള ക്വട്ടേഷനിൽ ശ്രീ. പ്രസന്നൻ വി.റ്റി., വനസ്വർഗ്ഗത്തുവെളി, എസ്.എൽ.പുരത്തിന്റെ കി.ഗ്രാമിന് 3/- രൂപ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചിരുന്നു. ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ താഴെപ്പറയുന്ന മാസങ്ങളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്ന നവജീവൻ യൂണിറ്റിന്റെ അക്കൗണ്ടിലേക്കാണ് തുക നല്കിയിട്ടുള്ളത്. മറ്റു മാസങ്ങളിൽ ടിയാന്റെ അക്കൗണ്ടിലേക്ക് തന്നെയാണ് തുക നല്കിയിട്ടുള്ളത്.

| | ബിൽ(BRN) നം./ ബിൽ സാങ്ഷൻ നം. | ബിൽ തുക | ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിലെ തുക |
|---|---|---|---|
| 1 | 249032/28.7.21 | 144283/- | 4690+4471+3802=12963/- |
| 2 | 303049/13.8.21 | 136985/- | 5629/- |
| 3 | 673654/ | 100000/- | 5187/- |
| 4 | 192/28.1.22 | 255662/- | 4608+4608+5418=14634/- |
| 5 | 233/18.2.22 | 127449/- | 4998/- |
| 6 | 348/30.3.22 | 122896/- | 4818/- |
| 7 | 282/18.3.22 | 127449/- | 4998/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം (നം. 20/24.12.22) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1- 25 തൊഴിലുറപ്പുപദ്ധതി - കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല -നഷ്ടം 109831/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) സ്രോതസ്സിൽ നിന്നും കുറവ് ചെയ്തില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | കട്ടയിൽ ബണ്ട് | പി.ജി.ഗോപിനാഥൻ | 158687 | 1587 | 05-07-21 |

| | | | | | |
|---|---|---|---|---|---|
| | പാടത്തുവെളി നടപ്പാത നിർമ്മാണം | | | | |
| 2 | പനമ്പട പുത്തൻപുര നടപ്പാത കോൺക്രീറ്റിംഗ് | ടി | 369237 | 3692 | 05-07-21 |
| 3 | വെൺപറമ്പിൽ-ഉത്തരപ്പള്ളി നടപ്പാത നിർമ്മാണം | ടി | 405275 | 4053 | 05-07-21 |
| 4 | ചെറുവളലിക്കാവ് കൊണച്ചാപറമ്പ് റോഡ് കോൺക്രീറ്റിംഗ് | ടി | 412512 | 4125 | 07-05-21 |
| 5 | പഴയതോപ്പ് ബണ്ട്-കഞ്ഞിക്കുഴിപാലം നടപ്പാത നിർമ്മാണം | ടി | 226389 | 2264 | 05-07-21 |
| 6 | കൊണച്ചാപറമ്പ് ചെറുവളലിക്കാവ് റോഡ് കോൺക്രീറ്റിംഗ് | ടി | 367107 | 3671 | 06-08-21 |
| 7 | മൂലംവെളി കോളനി നടപ്പാത കോൺക്രീറ്റിംഗ് | ടി | 132425 | 1324 | 05-07-21 |
| 8 | കസ്തൂർബ കൊച്ചുവെളി നടപ്പാത കോൺക്രീറ്റിംഗ് | ടി | 286699 | 2867 | 04-04-21 |
| 9 | കാട്ടുവേലിക്കകം മട്ടപ്പാട്ട് റീച്ച് 2 നടപ്പാത നിർമ്മാണം | ടി | 313558 | 3136 | 05-07-21 |
| 10 | ശോഭ കോളേജ് AS കനാൽ റോഡ് കോൺക്രീറ്റിംഗ് | ടി | 419658 | 4197 | 05-07-21 |
| 11 | ലാവണ്യ ചക്കങ്കൽ തോട് റോഡ് കോൺക്രീറ്റിംഗ് | ടി | 182723 | 1827 | 05-07-21 |
| 12 | കുളങ്ങര കഴിക്കൽ മാരാചിറ നടപ്പാത നിർമ്മാണം | ടി | 268545 | 2685 | 05-07-21 |
| 13 | മാങ്കൂട്ടത്തിൽ വെമ്പള്ളി റോഡ് കോൺക്രീറ്റിംഗ് | ടി | 408900 | 4089 | 07-05-21 |

| | | | | | |
|---|---|---|---|---|---|
| 14 | പുതുമന ചാലേ വെളി നടപ്പാത നിർമ്മാണം | ടി | 350605 | 3506 | 05-07-21 |
| 15 | കളത്തിവെളി റോഡു നിർമ്മാണം | ടി | 159476 | 1595 | 05-07-21 |
| 16 | അയ്യപ്പഞ്ചേരി അരങ്ങുവെളി ഫുട്പാത്ത് കോൺക്രീറ്റിംഗ് | ടി | 220504 | 2205 | 05-07-21 |
| 17 | മഠത്തിവെളി പുത്തൻപറമ്പ് നടപ്പാത നിർമ്മാണം | ടി | 346907 | 3469 | 04-04-21 |
| 18 | കുന്നേച്ചിറ തളിയാടി റോഡ് | ടി | 409355 | 4094 | 07-05-21 |
| 19 | മൂലം വെളി കോളനി ഞാറവെളി നടപ്പാത നിർമ്മാണം | ടി | 392507 | 3925 | 07-05-21 |
| 20 | ശങ്കരമംഗലം പള്ളിമുക്ക് തോമാശ്ശേരി ലൈബ്രറി റോഡ് കോൺക്രീറ്റിംഗ് | ടി | 402509 | 4025 | 05-07-21 |
| 21 | കുഞ്ഞാരവെളി -ന്യൂറ്റപാറ റോഡ് കോൺക്രീറ്റിംഗ് | ടി | 303988 | 3040 | 05-07-21 |
| 22 | ചക്കാലി തോട്ടുചിറ ഗ്രാവൽ റോഡ് നിർമ്മാണം | ടി | 312645 | 3126 | 04-04-21 |
| 23 | മേലേപ്പള്ളി -പുതുപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | ടി | 359169 | 3592 | 05-07-21 |
| 24 | കുഞ്ഞാറ പറമ്പ് -വേലിവളപ്പ് റോഡ് കോൺക്രീറ്റിംഗ് | ടി | 330925 | 3309 | 05-07-21 |
| 25 | SN നിലയം മഠത്തിവെളി നടപ്പാത നിർമ്മാണം | ടി | 371204 | 3712 | 05-07-21 |

| | | | | | |
|---|---|---|---|---|---|
| 26 | കൊച്ചുവെളി -പുത്തൻവെളി നടപ്പാത കോൺക്രീറ്റിംഗ് | ടി | 241695 | 2417 | 05-07-21 |
| 27 | ആശാരിവെളി -കുറ്റവേലി റോഡ് കോൺക്രീറ്റിംഗ് | പ്രജിത്ത് കെ. | 403626 | 4036 | 05-07-21 |
| 28 | തോമാശ്ശേരി ലൈബ്രറി റോഡ് കോൺക്രീറ്റിംഗ് | ടി | 405268 | 4053 | 05-07-21 |
| 29 | വടക്കേവെളി വേലൻചിറ തോമാശ്ശേരി ലൈബ്രറി റോഡ് കോൺക്രീറ്റിംഗ് | ടി | 405531 | 4055 | 05-07-21 |
| 30 | തമ്പാൻ തോമാശ്ശേരി റോഡ് കോൺക്രീറ്റിംഗ് | ടി | 405268 | 4053 | 05-07-21 |
| 31 | പോളോക്കാട്ട് -മണ്ണാട്ട് റോഡ് കോൺക്രീറ്റിംഗ് | വേണു. പി.റ്റി | 404279 | 4043 | 05-07-21 |
| 32 | കടിലിങ്കൽ കോളനി റോഡ് കോൺക്രീറ്റിംഗ് | ടി | 395286 | 3956 | 04-04-21 |
| 33 | NH പാലക്കുളങ്ങര തോട് റോഡ് കോൺക്രീറ്റിംഗ് | ടി | 410261 | 4103 | 05-07-21 |
| | ആകെ | | | 109831/- | |

നികുതികൾ കുറവ് ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 109831/- രൂപ അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10 ന് ആദായ നികുതി ഒടുക്കുവാൻ കരാറുകാർക്ക് കത്ത് നല്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1- 26 കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ കാണിച്ചിരിക്കുന്ന അളവിനേക്കാൾ കൂടുതൽ സ്റ്റാക്ക് ചെയ്തതായി കാണിച്ചിരിക്കുന്നു

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത റോഡ് നിർമ്മാണപ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്തതിന് കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ കാണിച്ചിരിക്കുന്ന ഗ്രൂഡ് എർത്തിന്റെ അളവിനേക്കാൾ കൂടുതൽ സ്റ്റാക്ക് ചെയ്തതായി കാണിച്ച് ഇതിൽ നിന്നും കൺസോളിഡേഷൻ ഇനത്തിൽ 20% കുറവ് ചെയ്താണ് തുക അനുവദിച്ചിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | ബിൽ നമ്പർ | ബിൽ പ്രകാരമുള്ള അളവ് | സ്റ്റാക്ക് ചെയ്തതായി കാണിച്ചിരിക്കുന്ന അളവ് |
|---|---|---|---|---|
| ചക്കാലി തോട്ടുചിറ ഗ്രാവൽ റോഡ് നിർമ്മാണം | ഗോപിനാഥൻ പി.ജി | 341/തീയതി ഇല്ല | 263.23 $M^3$ | 329.09 $M^3$ |
| മഠത്തിവെളി പുത്തൻപറമ്പ് നടപ്പാത നിർമ്മാണം | ടി | 337/തീയതി ഇല്ല | 197.62 $M^3$ | 247.02 $M^3$ |
| മാളുട്ടത്തിൽ വെമ്പള്ളി റോഡ് കോൺ ക്രീറ്റിംഗ് | ടി | 320/തീയതി ഇല്ല | 96.93 $M^3$ | 121.16 $M^3$ |

| | | | | |
|---|---|---|---|---|
| വടക്കേവെളി - വേലൻചിറ റോഡ് കോൺ ക്രീറ്റിംഗ് | പ്രജിത്ത്. കെ | 6/തീയതി ഇല്ല | 96.99 $M^3$ | 121.23 $M^3$ |

വിതരണം ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് സ്റ്റാക്ക് ചെയ്തതായി കാണിച്ചിരിക്കുന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 11 ന് അളവു പുസ്തകത്തിൽ സ്റ്റാക്ക് അളവ് കൃത്യമായി തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു

1. കേര ഫൈബർ ടെക് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന 2/461, 462, 462A, 463, 464, 465, 466, 467 എന്നീ കെട്ടിടങ്ങളിൽ 462A ഒഴികെയുള്ളവ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളായാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ 2004 ൽ അസസ് ചെയ്തിട്ടുള്ള 462A എന്ന നമ്പരിലുള്ള കെട്ടിടം പാർപ്പിടാവശ്യത്തിനുള്ള വിഭാഗത്തിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇപ്രകാരം നികുതി നിർണ്ണയിച്ചതിനാൽ താഴെപ്പറയുന്ന പ്രകാരം നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.

| വിസ്തൃതി | നിർണ്ണയിച്ച നിരക്ക് | നിർണ്ണയിക്കേണ്ട നിരക്ക് | ആകെ കണക്കാക്കേണ്ട നികുതി (- കാലപ്പഴക്കം + വഴി സൗകര്യം) | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 90M2 | 7/- | 50/- | 50x90 = 4500 – (10%) 450 + (20%) 900 = 4950 + (5% ലൈ. സെസ്) 247.5 = 5198/- | 227/- | 4971/- |

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/26.12.22 ) സ്ഥലപരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ട താണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിങ്ങ് - അധികച്ചെലവ് 2925/-

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ട് നമ്പർ -43/22

ചെലവ് - ബിൽ നമ്പർ 57/01-09-21 രൂപ 24316

ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളെ ആദരിക്കുന്നതിന് 25 മെമന്റോ തയ്യാറാക്കിയതിന് 650+18% Gst നിരക്കിൽ പ്രിന്റ് എക്സ്ട്രീം, ആലപ്പുഴ എന്ന സ്ഥാപനത്തിന് 19175 (16250 +2925) രൂപ നൽകിയിട്ടുണ്ട്. അംഗീകരിച്ച ടി സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം 30 (H) X 20cm (Width) സൈസുള്ള Customised Acrylic Memento തയ്യാറാക്കുന്നതിനുള്ള നിരക്ക് നികുതികൾ ഉൾപ്പെടെ 650/- രൂപയാണ്. എന്നാൽ ഈ നിരക്കിനോടൊപ്പം വീണ്ടും നികുതിയിനത്തിൽ തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8) തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. അധികം നൽകിയ 2925/- രൂപ ടി സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 ബേബി ഫ്രണ്ടലി ടോയ് ലെറ്റ് നിർമ്മാണം - തിരികെ ഈടാക്കേണ്ടത് - 15139/-

നിർവ്വഹണം - സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 176/22, 177/22, 178/22, 179/22

ചെലവ് വിവരം - ബിൽ നമ്പർ 284/19-03-22 രൂപ 2 ലക്ഷം

ബിൽ നമ്പർ 285/19-03-22 രൂപ 2 ലക്ഷം

ബിൽ നമ്പർ 286/19-03-22 രൂപ 2 ലക്ഷം

ബിൽ നമ്പർ 287/19-03-22 രൂപ 2 ലക്ഷം

4 അങ്കണവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതം സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 165343.30 |
| മാനേജ്മെന്റ് ചാർജ്ജ് 8% | 13227.46 |
| GST 12% | 21428.49 |
| | 199999.26 |
| ആകെ (Rounded) | 200000 |

ഇതനുസരിച്ച് 10-02-22 തീയതിയിൽ സ്ഥാപനം ഗ്രാമപഞ്ചായത്തുമായി കരാർ വെച്ചിട്ടുണ്ട്. കരാർ പ്രകാരം പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി സ്ഥാപനത്തിന്റെ എഞ്ചിനീയർ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അളവ് പുസ്തകം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1..കരാർ പ്രകാരം ബിൽ തുകയിൽ നിന്നും നിയമാനുസൃത നികുതി ഗ്രാമപഞ്ചായത്ത് കുറവ് ചെയ്യുമെന്ന് പറയുന്നുണ്ടെങ്കിലും ടി തുക ബില്ലിൽ കുറവ് ചെയ്തിട്ടില്ല,

2. ബിൽ തുക അടങ്കൽ തുകയേക്കാൾ കുറവാണെങ്കിൽ അധികം വരുന്ന തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകളാൽ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, ആലപ്പുഴയിൽ നിന്നും താഴെപ്പറയും പ്രകാരം തുക തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവൃത്തി | ബിൽ പ്രകാരമുള്ള മൂല്യം | അധികം | ഈടാക്കേണ്ട KCWWF | ഈടാക്കേണ്ട ആദായനികുതി | ആകെ |
|---|---|---|---|---|---|---|
| 1 | അങ്കണവാടി നമ്പർ 31 | മൂല്യം - 155954<br>മാനേജ്മെന്റ് ചാർജ്ജ് 8% - 12476<br>GST 18% -30318<br>ആകെ -198748 | 200000-198748 = 1252 | 1560 | 1560 | 4372 |
| 2 | അങ്കണവാടി നമ്പർ 33 | മൂല്യം - 166128<br>മാനേജ്മെന്റ് ചാർജ്ജ് 8% - 13290 | ------ | 1661 | 1661 | 3322 |

| | | | | | | |
|---|---|---|---|---|---|---|
| | | GST 18% -29903<br>ആകെ -209322<br>Ltd To 200000 | | | | |
| 3 | അങ്കണവാടി നമ്പർ 38 | മൂല്യം - 156022<br>മാനേജ്മെന്റ് ചാർജ്ജ് 8% - 12482<br>GST 18% -30331<br>ആകെ -198835 | 200000-198835 = 1165 | 1560 | 1560 | 4285 |
| 4 | അങ്കണവാടി നമ്പർ 45 | മൂല്യം - 157982<br>മാനേജ്മെന്റ് ചാർജ്ജ് 8% - 12639<br>GST 18% -30712<br>ആകെ -201333 | --------- | 1580 | 1580 | 3160 |
| | | ആകെ | | | | 15139 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9) തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. അധികം നൽകിയ 15139/- രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ആലപ്പുഴയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പുപദ്ധതി - കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല – നഷ്ടം 109831/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C ) സ്രോതസ്സിൽ നിന്നും കുറവ് ചെയ്തില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | കട്ടയിൽ ബണ്ട് പാടത്തുവെളി നടപ്പാത നിർമ്മാണം | പി.ജി.ഗോപിനാഥൻ | 158687 | 1587 | 05-07-21 |
| 2 | പനമ്പട പുത്തൻപുര നടപ്പാത കോൺക്രീറ്റിംഗ് | ടി | 369237 | 3692 | 05-07-21 |

| | | | | | |
|---|---|---|---|---|---|
| 3 | വെൺപറമ്പിൽ-ഉത്തരപ്പള്ളി നടപ്പാത നിർമ്മാണം | ടി | 405275 | 4053 | 05-07-21 |
| 4 | ചെറുവളലിക്കാവ് കൊണച്ചാപറമ്പ് റോഡ് കോൺക്രീറ്റിംഗ് | ടി | 412512 | 4125 | 07-05-21 |
| 5 | പഴയതോപ്പ് ബണ്ട്-കഞ്ഞിക്കുഴിപാലം നടപ്പാത നിർമ്മാണം | ടി | 226389 | 2264 | 05-07-21 |
| 6 | കൊണച്ചാപറമ്പ് ചെറുവളലിക്കാവ് റോഡ് കോൺക്രീറ്റിംഗ് | ടി | 367107 | 3671 | 06-08-21 |
| 7 | മൂലംവെളി കോളനി നടപ്പാത കോൺക്രീറ്റിംഗ് | ടി | 132425 | 1324 | 05-07-21 |
| 8 | കസ്തൂർബ കൊച്ചുവെളി നടപ്പാത കോൺക്രീറ്റിംഗ് | ടി | 286699 | 2867 | 04-04-21 |
| 9 | കാട്ടുവേലിക്കകം മട്ടപ്പാട്ട് റീച്ച് 2 നടപ്പാത നിർമ്മാണം | ടി | 313558 | 3136 | 05-07-21 |
| 10 | ശോഭകോളേജ് AS കനാൽ റോഡ് കോൺക്രീറ്റിംഗ് | ടി | 419658 | 4197 | 05-07-21 |
| 11 | ലാവണ്യ ചക്കങ്കൽ തോട് റോഡ് കോൺക്രീറ്റിംഗ് | ടി | 182723 | 1827 | 05-07-21 |
| 12 | കുളങ്ങര കുഴിക്കൽ മാരാചിറ നടപ്പാത നിർമ്മാണം | ടി | 268545 | 2685 | 05-07-21 |
| 13 | മാങ്കുട്ടത്തിൽ വെമ്പള്ളി റോഡ് കോൺക്രീറ്റിംഗ് | ടി | 408900 | 4089 | 07-05-21 |
| 14 | പുതുമന ചാലേ വെളി നടപ്പാത നിർമ്മാണം | ടി | 350605 | 3506 | 05-07-21 |
| 15 | കളത്തിവെളി റോഡു നിർമ്മാണം | ടി | 159476 | 1595 | 05-07-21 |
| 16 | അയ്യപ്പഞ്ചേരി | ടി | 220504 | 2205 | 05-07-21 |

| | | | | | |
|---|---|---|---|---|---|
| | അരങ്ങുവെളി ഫുട്പാത്ത് കോൺക്രീറ്റിംഗ് | | | | |
| 17 | മഠത്തിവെളി പുത്തൻപറമ്പ് നടപ്പാത നിർമ്മാണം | ടി | 346907 | 3469 | 04-04-21 |
| 18 | കുന്നേച്ചിറ തളിയാടി റോഡ് | ടി | 409355 | 4094 | 07-05-21 |
| 19 | മൂലം വെളി കോളനി ഞാറവെളി നടപ്പാത നിർമ്മാണം | ടി | 392507 | 3925 | 07-05-21 |
| 20 | ശങ്കരമംഗലം പള്ളിമുക്ക് തോമാശ്ശരി ലൈബ്രറി റോഡ് കോൺക്രീറ്റിംഗ് | ടി | 402509 | 4025 | 05-07-21 |
| 21 | കുഞ്ഞാരവെളി -ന്യാറ്റുപാറ റോഡ് കോൺക്രീറ്റിംഗ് | ടി | 303988 | 3040 | 05-07-21 |
| 22 | ചക്കാലി തോട്ടുചിറ ഗ്രാവൽ റോഡ് നിർമ്മാണം | ടി | 312645 | 3126 | 04-04-21 |
| 23 | മേലേപ്പള്ളി -പുതുപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | ടി | 359169 | 3592 | 05-07-21 |
| 24 | കുഞ്ഞാറ പറമ്പ് -വേലിവളപ്പ് റോഡ് കോൺക്രീറ്റിംഗ് | ടി | 330925 | 3309 | 05-07-21 |
| 25 | SN നിലയം മഠത്തിവെളി നടപ്പാത നിർമ്മാണം | ടി | 371204 | 3712 | 05-07-21 |
| 26 | കൊച്ചുവെളി -പുത്തൻവെളി നടപ്പാത കോൺക്രീറ്റിംഗ് | ടി | 241695 | 2417 | 05-07-21 |
| 27 | ആശാരിവെളി -കുറ്റുവേലി റോഡ് കോൺക്രീറ്റിംഗ് | പ്രജിത്ത് കെ. | 403626 | 4036 | 05-07-21 |
| 28 | തോമാശ്ശരി ലൈബ്രറി റോഡ് കോൺക്രീറ്റിംഗ് | ടി | 405268 | 4053 | 05-07-21 |

| | | | | | |
|---|---|---|---|---|---|
| 29 | വടക്കേവെളി വേലൻചിറ തോമാശ്ശേരി ലൈബ്രറി റോഡ് കോൺക്രീറ്റിംഗ് | ടി | 405531 | 4055 | 05-07-21 |
| 30 | തമ്പാൻ തോമാശ്ശേരി റോഡ് കോൺക്രീറ്റിംഗ് | ടി | 405268 | 4053 | 05-07-21 |
| 31 | പോളോക്കാട്ട് -മണ്ണാട്ട് റോഡ് കോൺക്രീറ്റിംഗ് | വേണു. പി.റ്റി | 404279 | 4043 | 05-07-21 |
| 32 | കുടിലിങ്കൽ കോളനി റോഡ് കോൺക്രീറ്റിംഗ് | ടി | 395286 | 3956 | 04-04-21 |
| 33 | NH പാലക്കുളങ്ങര തോട് റോഡ് കോൺക്രീറ്റിംഗ് | ടി | 410261 | 4103 | 05-07-21 |
| | ആകെ | | | 109831/- | |

നികുതികൾ കുറവ് ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 109831/- രൂപ അധികം നൽകാനിടയായി.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 10 ന് ആദായ നികുതി ഒടുക്കുവാൻ കരാറുകാർക്ക് കത്ത് നല്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | സമ്പൂർണ്ണ പാർപ്പിടസുരക്ഷാ പദ്ധതി ലൈഫ് (ജനറൽ) | 200000 | 0 |
| | 2021-2022 | 224640 | പാലിയേറ്റീവ് പരിചരണ പദ്ധതി | 224640 | 0 |
| | 2021-2022 | 326600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 326600 | 0 |
| | 2021-2022 | 300000 | നെൽകൃഷി വികസനം | 300000 | 0 |
| | 2020-2021 | 226435 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 226435 | 0 |
| | 2020-2021 | 175000 | പട്ടികജാതി | 175000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് പഠനമുറി | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | 2021-22 | 100000 | അനുപൂരക പോഷക ആഹാരം | 100000 | 0 |
| | 2021-22 | 200000 | ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (ലൈഫ് ) ജനറൽ | 200000 | 0 |
| | 2021-22 | 277536 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 277536 | 0 |
| | 2021-22 | 200000 | അഗതി രഹിത കഞ്ഞിക്കുഴി | 200000 | 0 |
| | 2021-22 | 340000 | സമ്പൂർണ്ണ സുരക്ഷാ പാർപ്പിട പദ്ധതി - ലൈഫ് (പട്ടികജാതി) | 340000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | ലഭ്യമാക്കിയില്ല | 100000 | 59,710,667.00 | 4854667 | | 54,956,000.00 |

## 4-5 സ്ഥിര നിക്ഷേപം

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,748,288.00 |
| | |
| തൻവർഷം നിക്ഷേപിച്ച തുക | 213458 |
| | |

| | |
|---|---|
| ആകെ | 3,961,746.00 |
| | |
| തന്നാണ്ടിൽ പിൻവലിച്ച തിക | 0 |
| | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,961,746.00 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2(1) | 2016-17 | 2 (2) | തൊഴിൽ നികുതി | തുക ഒടുക്കി യിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92149052 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88081837 |
| വരവിനങ്ങളിലുള്ള നഷ്ടം | 4971 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18064 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 599721 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 4971 | | ശ്രീമതി ഗീതാകുമാരി, സെക്രട്ടറി |
| 3-1 | | 2925 | ശ്രീമതി ഗീതാകുമാരി, സെക്രട്ടറി |
| 3-2 | | 15139 | ശ്രീമതി |

| | | | |
|---|---|---|---|
| | | | ഗീതാകുമാരി, സെക്രട്ടറി |
| ആകെ | 4971 | 18064 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 80000 | ഡോ. ജയശ്രീ. എസ്. വെറ്ററിനറി സർജൻ |
| 1-17 | 50000 | ഡോ. സജില. എസ്. പിള്ള, മെഡിക്കൽ ഓഫീസർ (FHC) |
| 1-22 | 157221 | രശ്മി മാനവൽ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-23 | 312500 | ഡോ. ജയശ്രീ. എസ്. വെറ്ററിനറി സർജൻ |
| ആകെ | 599721 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-3 | 109831/- |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗീതാകുമാരി, സെക്രട്ടറി | സെക്രട്ടറി,കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | വൈശാഖം, ചാരമംഗലം എസ്. എൻ പുരം.പി.ഒ |
| രശ്മി മാനവൽ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, തളിക്കുളം ക്ഷീര വികസന ഓഫീസ് | പ്ലാക്കുഴി, പുത്തൻവെളി, മായിത്തറ പി.ഒ |
| ഡോ. സജില. എസ് പിള്ള, മെഡിക്കൽ ഓഫീസർ (FHC) | മെഡിക്കൽ ഓഫീസർ (FHC), തുരുത്തിപ്പള്ളി | ശിവം, ചാരമംഗലം മുഹമ്മ പി.ഒ, |
| ഡോ. ജയശ്രീ. എസ്. വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, (അവധിയിൽ) | രാഗേന്ദു, പൊന്നാട് പി.ഒ, മണ്ണഞ്ചേരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5-1832/2011/12.2.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/2013/12.5.14 |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-48/2013/7.2.13/10.4.13 |
| 2012-13 | എൽ.എഫ്.എ.പി11-79/2015/26.3.15/5.5.15 |

| | |
|---|---|
| 2013-14 | എൽ.എഫ്.എ.പി.ഇസെഡ്.പി11-678/2015/ |
| 2014-15 | കെ.എസ്.എ.എൽ.പി-പി11/550/2016/31.5.16 |
| 2015-16 | കെ.എസ്.എ.എൽ.പി-പി11/564/2016/6.1.17 |
| 2016-17 | കെ.എസ്.എ.എൽ.പി-പി11/1048/2017/ |
| 2017-18 | കെ.എസ്.എ.എൽ.പി-പി11/1552/2018/5.1.19 |
| 2018-19 | കെ.എസ്.എ.എൽ.പി-പി11/1114/2019/13.3.2020 |
| 2019-20 | കെ.എസ്.എ.എൽ.പി-പി11/528/2021/30.06.2021 |
| 2020-21 | കെ.എസ്.എ.എൽ.പി-പി11/253/2022/24.02.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്